Circular No. 180
**Jubilee Year of Mercy**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 04-12-2015

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ ഡിസംബർ മാസം 8-ാം തീയതി വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കയിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത കാരുണ്യവർഷം ലോകമാസകലമുള്ള കത്തീഡ്രൽ ദേവാലയങ്ങളിൽ ഡിസംബർ 13-ാം തീയതി ഞായറാഴ്ച ആഘോഷപൂർവ്വം ആരംഭിക്കണമെന്ന് പരി. പിതാവ് ആഹ്വാനം ചെയ്തിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ ഡിസംബർ 13-ാം തീയതി ഞായറാഴ്ച നമ്മുടെ ക്രിസ്തുരാജ കത്തീഡ്രൽ ദേവാലയത്തിൽ രാവിലെ 9.30 നുള്ള വി. കുർബാനയുടെ ആരംഭത്തിൽ പ്രത്യേകമായി തയ്യാർ ചെയ്തിട്ടുള്ള ജൂബിലി കവാടം ഔദ്യോഗികമായി തുറന്നുകൊണ്ട് കാരുണ്യവർഷം ആരംഭിക്കുന്നതാണ്. അതോടുചേർന്ന് നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും ആ ദിവസത്തെ പ്രധാന കുർബാനയുടെ ആരംഭത്തിൽ 136-ാം സങ്കീർത്തനം രണ്ട് ഗണമായി ആലപിച്ചുകൊണ്ട് ജൂബിലിവർഷാചരണത്തിന് ആരംഭം കുറിക്കേണ്ടതാണ്. സങ്കീർത്തനത്തിന്റെ ആദ്യഭാഗം കാർമ്മികൻ ചൊല്ലുകയും "അവിടുത്തെ കാരുണ്യം അനന്തമാണ്" എന്ന പ്രത്യുത്തരം ജനം ആവർത്തിക്കുകയും ചെയ്യണം. കാരുണ്യവർഷത്തിന്റെ ലോഗോയും മുദ്രാവാക്യവും ഉൾക്കൊള്ളുന്ന ബോർഡ് പള്ളിയിൽ വരുന്നവർക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കണം. കാരുണ്യവർഷത്തിലെ എല്ലാ ഞായറാഴ്ചയും വി. കുർബാനക്കുശേഷം ഈ വിശുദ്ധ വത്സരത്തിനായി പരി. പിതാവ് രചിച്ച പ്രാർത്ഥന ചൊല്ലുകയും വേണം.

എല്ലാ വിശ്വാസികളും ദൈവകാരുണ്യം ആഴത്തിൽ അനുഭവിച്ചറിയാനും കാരുണ്യ പ്രവൃത്തികളിലൂടെ ദൈവത്തിന്റെ കാരുണ്യം സൃഷ്ടപ്രപഞ്ചത്തിനു മുഴുവൻ അനുഭവവേദ്യമാക്കുവാനുള്ള ഒരവസരമായിട്ടാണ് പരി. പിതാവ് കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ നീളുന്ന ഈ കാരുണ്യവർഷം ഫലപ്രദമായി ആചരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി നമ്മുടെ അതിരൂപതയിലെ വൈദിക സമിതിയിലും പാസ്റ്ററൽ കൗൺസിലിലും നടത്തിയ ചർച്ചകളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നു. ഇവയോരോന്നും ഓരോ ഇടവകയുടെയും പശ്ചാത്തലത്തിൽ എപ്രകാരം ഏറ്റം ഫലപ്രദമായി നടപ്പാക്കാനാവുമെന്ന് പാരീഷ് കൗൺസിലും കൂടാരയോഗങ്ങളും ചർച്ച ചെയ്യുകയും തീരുമാനങ്ങൾ ജനുവരി 15 നു മുമ്പായി കിട്ടത്തക്ക വിധത്തിൽ അരമനയിൽ എഴുതി അറിയിക്കുകയും ചെയ്യണം.

**1. ദണ്ഡവിമോചനം**: നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ സ്ഥാപിച്ചിരിക്കുന്ന പ്രത്യേക കവാടത്തിലൂടെ കത്തീഡ്രലിൽ പ്രവേശിച്ച് വേണ്ടത്ര ഒരുക്കത്തോടെ അനുരഞ്ജന കൂദാശ സ്വീകരിക്കുന്നവർക്ക് ഈ കാരുണ്യവർഷത്തിൽ പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതാണ്. അതിനാൽ സാധിക്കുന്ന എല്ലാവരും ഈ അനുഗ്രഹീത അവസരം പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഇതിനായി നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ അനുരഞ്ജന കൂദാശകൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3 മുതൽ 6 വരെ അനുരഞ്ജന കൂദാശ സ്വീകരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**2. അനുരഞ്ജന കൂദാശ**: നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും ആഴ്ചയിൽ ഏതെങ്കിലുമൊരു ദിവസം നിശ്ചയിച്ച് സൗകര്യപ്രദമായ ഒരു മണിക്കൂർ എങ്കിലും വിശ്വാസികൾക്ക് അനുരഞ്ജന കൂദാശ സ്വീകരിക്കുന്നതിനുള്ള അവസരം ഒരുക്കേണ്ടതാണ്. നോമ്പിന്റെ 3-ാമത്തെ വെള്ളിയാഴ്ച രാവിലെ വി. കുർബാനക്കുശേഷം "കർത്താവിനോടുകൂടി 24 മണിക്കൂർ" എന്ന നിർദ്ദേശം നടപ്പിലാക്കിക്കൊണ്ട് ശനിയാഴ്ച രാവിലെ വരെ ദിവ്യകാരുണ്യ ആരാധന നടത്തേണ്ടതും ആ സമയം കുമ്പസാരത്തിനുള്ള സൗകര്യം വിശ്വാസികൾക്കു നൽകപ്പെടേണ്ടതുമാണ് എന്നു പരി. പിതാവ് നിർദ്ദേശിക്കുന്നു.

പല കാരണങ്ങളാൽ ഭിന്നതയിൽ കഴിയുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും അനുരഞ്ജനത്തിലേക്കുവരാൻ ഈ കാരുണ്യവർഷം നാം പ്രയോജനപ്പെടുത്തണം. അനുരഞ്ജന സമിതിയുടെ സഹായം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. നമ്മുടെ അതിരൂപതയിൽ നിന്നും ഏതെങ്കിലും വിധത്തിൽ മുറിവുകളോ വേദനകളോ ഉണ്ടായിട്ടുള്ളവർക്ക് എന്നെയോ അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിനെയോ പെരിയ ബഹു. വികാരി ജനറാളച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അനുരഞ്ജന സമിതിയെയോ ബന്ധപ്പെട്ട് തങ്ങൾക്കുണ്ടായിട്ടുള്ള വിഷമങ്ങൾ പരിഹരിക്കാൻ പരിശ്രമിക്കാവുന്നതാണ്. മുറി

വുകളെ നമുക്ക് കാരുണ്യത്തിന്റെ ഉറവകളാക്കി മാറ്റാം. സ്നേഹവും കാരുണ്യവും പരസ്പര ധാരണയും നിറഞ്ഞുനില്ക്കുന്ന ഒരു കുടുംബമായി വളരാൻ ഈ കാരുണ്യവർഷം നമ്മുടെ അതിരൂപതയെയും ക്നാനായ സമുദായത്തെയും സഹായിക്കട്ടെ.

**3. സെമിനാറുകൾ, ക്ലാസുകൾ** : കാരുണ്യത്തിന്റെ കൗൺസിൽ എന്നറിയപ്പെടുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ വിവിധ പ്രായക്കാർക്ക് ലഭ്യമാക്കത്തക്കവിധത്തിൽ നമ്മുടെ ഇടവകകളിൽ ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കാൻ പരിശ്രമിക്കണം. ആസ്ട്രേലിയായിൽ നിന്നെത്തുന്ന ഡിവൈൻ മേഴ്സി ടീം ജനുവരി 1 മുതൽ 14 വരെ നമ്മുടെ അതിരൂപത സന്ദർശിക്കാമെന്നും ദൈവകാരുണ്യത്തെപ്പറ്റി ക്ലാസ്സെടുക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. തൂവാനീസ ഡയറക്ടറുമായി ബന്ധപ്പെട്ട് സാധിക്കുന്ന എല്ലാ ഇടവകകളും സ്ഥാപനങ്ങളും ഈ സേവനം പ്രയോജനപ്പെടുത്തണം. ചെറിയ ഇടവകകൾക്ക് അടുത്തുള്ള സ്ഥലങ്ങളിൽ ഈ ടീം നടത്തുന്ന ശുശ്രൂഷയിൽ പങ്കെടുക്കാവുന്നതാണ്.

**4. വാർഷിക ധ്യാനം**: നീതി, സമാധാനം, വിശ്വാസം, കാരുണ്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വാർഷിക ധ്യാനം ഈ കാരുണ്യവർഷത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും നടത്തുവാൻ പരിശ്രമിക്കണം. തൂവാനിസ ടീമിന്റെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്. കുട്ടികൾക്കായി സംഘടിപ്പിക്കുന്ന ക്രിസ്റ്റീൻ ധ്യാനങ്ങളിലും കാരുണ്യത്തിന്റെ ആവശ്യവും ആധുനിക ലോകത്തിൽ അതിന്റെ പ്രസക്തിയും അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ നാം പരിശ്രമിക്കണം. വിശ്വാസപരിശീലന ക്ലാസുകളിലൂടെയും ഭക്തസംഘടനാ പ്രവർത്തനങ്ങളിലൂടെയും കാരുണ്യവർഷത്തിന്റെ പ്രാധാന്യം കുഞ്ഞുങ്ങൾ മനസ്സിലാക്കുകയും മാതാപിതാക്കളുടെ ജീവിത മാതൃകയിലൂടെ അവർ കരുണയുള്ളവരായി വളരുകയും ചെയ്യട്ടെ.

**5. രോഗീപരിചരണം**: നമ്മുടെ അതിരൂപതയിലെ കാരിത്താസ്, കൊച്ചു ലൂർദ്, MUM ആശുപത്രികളും പയ്യാവൂരിൽ പ്രവർത്തിക്കുന്ന മേഴ്സി ആശുപത്രിയും ആവുന്നത്ര ആളുകൾക്ക് പാലിയേറ്റീവ് കെയർ നൽകുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്നു. സാധിക്കുന്ന ഏവരും ഈ ജീവകാരുണ്യ പ്രവർത്തിയിൽ സഹകരിക്കണം. ഇതിനുപുറമെ നമ്മുടെ എല്ലാ ഇടവകകളിലും അവശരായ ഓരോരുത്തരുടെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. നമ്മുടെ ശ്രദ്ധയും പരിചരണവും ആവശ്യമായിരിക്കുന്ന ഒരാളും അവഗണിക്കപ്പെടാതിരിക്കാൻ ഓരോ ഇടവകയും പരിശ്രമിക്കണം. രോഗീസന്ദർശനവും ശുശ്രൂഷയും വലിയൊരു കാരുണ്യപ്രവൃത്തിയാണ് എന്നത് നാം വിസ്മരിക്കരുത്. ജാതിമതഭേദമെന്യേ അർഹരായ രോഗികൾക്കു നമ്മുടെ ആശുപത്രികളിൽ നൽകപ്പെടുന്ന ശുശ്രൂഷാ ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ അർഹരായവർക്കു ലഭിക്കാൻ ബഹു. വികാരിമാർ സാഹചര്യങ്ങൾ പഠിച്ച് ആവശ്യമായ ശുപാർശക്കത്തുകൾ ആശുപത്രി ഡയറക്ടർക്കു കൊടുത്തയയ്ക്കുന്നത് ഉപകാരപ്രദമായിരിക്കും.

**6. പിന്നോക്ക പ്രദേശങ്ങളുടെ വികസനം**: പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അസംഘടിത കുടിയേറ്റ ഫൊറോനകളായ ചങ്ങലേരി, പെരിക്കല്ലൂർ, പടമുഖം എന്നിവയ്ക്ക് പ്രത്യേക പരിഗണനയും വളർച്ചാ സഹായങ്ങളും നൽകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ അതിരൂപതാ സമൂഹങ്ങളായ വിസിറ്റേഷൻ, സെന്റ് ജോസഫ്, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ തങ്ങളുടെ അദ്ധ്വാനഫലം ഈ ഫൊറോനകളുടെ വളർച്ചക്കായി വിവിധ പദ്ധതികളിലൂടെ ഇപ്പോൾത്തന്നെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ കുഞ്ഞുമക്കളുടെ സന്ന്യാസിനി സമൂഹത്തിന്റെ സഹകരണത്തോടെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന സ്ഥിരവരുമാനമില്ലാത്ത നമ്മുടെ കുടുംബങ്ങൾക്ക് അഞ്ച് വർഷക്കാലം തുടർച്ചയായി സാമ്പത്തിക പിന്തുണ നൽകുന്ന കാരുണ്യദീപം പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. സുമനസുകളുടെ സഹകരണത്തോടെ കാരുണ്യവർഷത്തിൽ ഈ പദ്ധതി വിപുലീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ നമുക്കേവർക്കും പങ്കുചേരാം.

ഈ കാരുണ്യവർഷത്തിൽ നമ്മുടെ ഓരോ ഇടവകയിലും വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കാനും ശൗചാലയങ്ങൾ എല്ലാ ഭവനങ്ങൾക്കും ഉണ്ടെന്ന് ഉറപ്പുവരുത്താനും ശ്രദ്ധിക്കണം. ഇടവകയിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ വളർച്ചക്കായി ഇടവക സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തത്തോടെ അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. കാരുണ്യം നിറഞ്ഞു തുളുമ്പുന്ന നീതിബോധം ഏവരിലും വളർത്താൻ പരിശ്രമിക്കണം. CEFAK Scholarship പദ്ധതിയ്ക്കായി ഒരുമാസത്തെ വരുമാനം ഇനിയും കൊടുക്കാൻ സാധിക്കാത്തവർ ഈ കാരുണ്യവർഷത്തിൽ അതു നൽകാൻ തയ്യാറായാൽ നമ്മുടെ സമൂഹത്തിന്റെ വിദ്യാഭ്യാസ വളർച്ചയ്ക്കതു വലിയ സഹായമാകുമല്ലോ.

**7. അന്യസംസ്ഥാന തൊഴിലാളികൾ**: നമ്മുടെ സ്ഥാപനങ്ങളിലും ഇടവകാതിർത്തികളിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളോട് കാരുണ്യത്തോടെ പെരുമാറാൻ നമുക്കുസാധിക്കണം. അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് സഹായിക്കുന്ന അനേകം പേരുണ്ട് എന്നത് സന്തോഷകരമാണ്. മാന്യമായ ജോലിയും, ജീവിത സാഹചര്യങ്ങളും വേതനവും അവർക്ക് ലഭിക്കുന്നുണ്ടെന്നും അവർ ചൂഷണം ചെയ്യപ്പെടുന്നില്ലായെന്നും ഉറപ്പാക്കാൻ നമുക്ക് പരിശ്രമിക്കാം. അതുപോലെതന്നെ അസംഘടിത മേഖല

കളിൽ തൊഴിൽ ചെയ്യുന്ന ആളുകൾക്ക് ആവശ്യമായ സഹായങ്ങളും ന്യായമായ ആനുകൂല്യങ്ങളും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ നമ്മുടെ അതിരൂപതയിലെ ലേബർ കമ്മീഷനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കണം. സമൂഹത്തിൽ വിവിധ രൂപത്തിലും ഭാവത്തിലും വളർന്നുവരുന്ന അഴിമതിയും അനീതിയും ഇല്ലാതാക്കുവാൻ നാമേവരും നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കണം.

**8. പരിസ്ഥിതി സംരക്ഷണം**: "അങ്ങേക്കു സ്തുതി" എന്ന ചാക്രിക ലേഖനത്തിലൂടെ പരി. പിതാവ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ മനുഷ്യരുൾപ്പെടെ ഈ പ്രപഞ്ചത്തോടു മുഴുവനുമുണ്ടായിരിക്കേണ്ട കാരുണ്യത്തിന്റെ സൂചനകളും അത്യാവശ്യ ഘടകങ്ങളുമാണ്. ആകയാൽ ഈ കാരുണ്യവർഷത്തിൽ ഈ ചാക്രിക ലേഖനം കൂടുതൽ പഠനത്തിനു വിധേയമാക്കുകയും അതിലെ നിർദ്ദേശങ്ങൾ വിവിധ തലങ്ങളിൽ പ്രാവർത്തികമാക്കാൻ നാം പരിശ്രമിക്കുകയും വേണം. ഓരോ ഭവനത്തിലുമുള്ള മാലിന്യങ്ങൾ അവിടെത്തന്നെ സംസ്ക്കരിക്കണം. മാലിന്യം വലിച്ചെറിയുന്നവർ നമ്മുടെ ഇടയിൽ ആരുമുണ്ടാവരുത്. വൃത്തിയും വിശുദ്ധിയും ഒന്നിച്ചുപോകുന്നു എന്ന കാര്യം നാം അനുസ്മരിക്കുകയും കുടുംബാംഗങ്ങളെ പരസ്പരം ഓർമ്മിപ്പിക്കുകയും ചെയ്യണം.

**9. മതാന്തര സംവാദം**: പൊതുസമൂഹത്തിൽ അപകടകരമായ രീതിയിൽ വളർന്നുവരുന്ന തിന്മകളാണ് വർഗ്ഗീയതയും തീവ്രവാദവും. മതസഹിഷ്ണതയുടെ പരമോദാഹരണമായിരുന്ന ഭാരതം ആ വലിയ നിലയിൽ നിന്നു താഴ്ന്നു എന്നത് ആശങ്കയും ദുഃഖവും ഉളവാക്കുന്നതാണ്. വിവിധ മതവിഭാഗങ്ങൾ തമ്മിൽ ആദരവും പരസ്പരധാരണയും വിശ്വാസവും വളർത്തിയെടുക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുമ്പോൾ മാത്രമേ നാം ദൈവത്തിന്റെ മക്കൾ ആണെന്ന് അവകാശപ്പെടാൻ സാധിക്കൂ. അതിനാൽ ശിഥിലീകരണ ശക്തികൾക്കെതിരെ ജാഗ്രത പുലർത്താനും സാഹോദര്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനുമുള്ള തീവ്രപരിശ്രമം കാരുണ്യത്തിന്റെ തിളങ്ങുന്ന മുഖമാണ് എന്നോർമ്മിക്കാം.

പ്രിയ സഹോദരരെ, പിതാവായ ദൈവത്തിനു നമ്മോടുള്ള കാരുണ്യം പ്രഘോഷിക്കുന്ന ഈശോയുടെ പിറവിത്തിരുനാളിനൊരുങ്ങുന്ന മംഗളവാർത്താക്കാലത്ത് കാരുണ്യത്തിന്റെ ഹൃദയവാതിൽ തുറക്കാൻ സഭാ മാതാവ് നമ്മെ മാടിവിളിക്കുന്നു. കാരുണ്യത്തിന്റെ കവാടം സഹജീവികൾക്കായി തുറന്നുകൊണ്ട് നാം ദൈവമക്കളാണെന്ന് ലോകത്തിനു കാണിച്ചുകൊടുക്കണം. ക്നാനായ സമൂഹം കരുണയുടെ സമൂഹമായി വിരാജിക്കണം. നമ്മുടെ കുടുംബങ്ങളിലും കൂടാരങ്ങളിലും പൊതുകുടുംബമായ ഇടവകകളിലും നമ്മുടെ സമൂഹം മുഴുവനിലും കാരുണ്യത്തിന്റെ കനിവും ആർദ്രതയുടെ നനവും ഉണ്ടാകട്ടെ. കാരുണ്യവർഷം അതിനു പ്രചോദനമാകട്ടെ.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 ഡിസംബർ 13-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.